20/01/22

DESPATCHED
On. 27/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in


**A.P.419(2)/2020/SIC തീർപ്പു കല്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.3391/SIC-G6/2020**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. മോഹനൻ. പി.ജി
H.No.21/2532, പുതിയേടത്ത് ഹൗസ്
രാമേശ്വരം വില്ലേജിനു പടിഞ്ഞാറ്.
പള്ളുരുത്തി, കൊച്ചി -6
} അപ്പീൽ ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ,
സോണൽ ഓഫീസ്, പള്ളുരുത്തി

അപ്പീൽ അധികാരി &
ഡെപ്യൂട്ടി സെക്രട്ടറി
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ,
റവന്യൂ വിഭാഗം, എറണാകുളം
} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിന്മേൽ കമ്മീഷന്റെ 2021 ജനുവരി മാസം 19-ാം തീയതിയിലെ ഉത്തരവു പ്രകാരം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. മുരളി.സി.സി. നൽകിയ വിശദീകരണം തൃപ്തികരമല്ല. അതിനാൽ ടിയാളെ ശിക്ഷിക്കുവാനും,

(മറുപുറം)

RIGHT TO INFORMATION

ast

ശിക്ഷയായി 10,000/- രൂപ (പതിനായിരം രൂപ മാത്രം) പിഴയിനത്തിൽ ശ്രീ. മുരളി.സി.സി.-യിൽ നിന്നും ഈടാക്കുവാനും കമ്മീഷൻ ഉത്തരവാകുന്നു.

ഈ ഉത്തരവ് കിട്ടി 30 ദിവസത്തിനകം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. മുരളി.സി.സി. 10,000/- രൂപ ((പതിനായിരം രൂപ മാത്രം) "0070-60-118-99 Receipts Under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം ചലാന്റെ അസൽ സഹിതം കമ്മീഷൻ സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടി തുക എതിർകക്ഷിയുടെ ശമ്പളത്തിൽ നിന്നും പിടിച്ച് മേൽപറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി അടയ്ക്കുന്നകാര്യം ഓഫീസ് മേധാവി ഉറപ്പുവരുത്തേണ്ടതും കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്. ഈ ഉത്തരവ് ഇന്നേ ദിവസം **2022 ജനുവരി മാസം 20-ാം തീയതി** കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

ast

RIGHT TO INFORMATION